# വിദേശികളുടെ വീടലങ്കരിക്കാൻ ശബരിയുടെ തുണിത്തരങ്ങൾ



**ശബരിദാസ്**
ശബരി ഇൻററ്നാഷണൽ
കണ്ണൂർ

◆ പിന്നിട്ട പടവുകൾ ◆

**കെ. വിനോദ് ചന്ദ്രൻ**

ശബരിദാസിന് ബിസിനസ് എന്നത് പാരമ്പര്യമായി കിട്ടിയതാണ്. എന്നാൽ, ചെറുപ്രായത്തിൽത്തന്നെ ഈ രംഗത്ത് വൻ കുതിച്ചുചാട്ടം നടത്തി മികച്ച കയറ്റുമതിക്കാരനുള്ള കേന്ദ്രസർക്കാരിൻെറ സ്വർണമെഡൽ ഉൾപ്പെടെയുള്ള പുരസ്കാരം നേടിയെടുക്കാനായത് അദ്ദേഹത്തിൻെറ സ്ഥിരോത്സാഹം ഒന്നുകൊണ്ടുമാത്രം. ഇന്ന് കണ്ണൂർ കൈത്തറി കയറ്റുമതിരംഗത്ത് പ്രമുഖരുടെ ഇടയിലാണ് ശബരിദാസിൻെറ സ്ഥാനം.

കണ്ണൂരിലെ വാണിജ്യ- സാമൂഹ്യരംഗത്തെ പ്രമുഖനായ പി.വി.കെ. നമ്പ്യാരുടെയും ഗൗരി നമ്പ്യാരുടെയും രണ്ടാമത്തെ മകനാണ് സി.വി. ശബരിദാസ്. മൂത്തമകൻ സി.വി. ദേവദാസ് തിരുപ്പൂരിൽ ഹോസിയറി കയറ്റുമതി വ്യവസായിയാണ്. ഇളയമകൾ ലളിത നമ്പ്യാർ ബാംഗ്ലൂരിൽ ഇൻറീരിയർ ഡക്കറേറ്ററും. 1965ലാണ് പി.വി.കെ. നമ്പ്യാർ കണ്ണൂരിൽ 'ഗായത്രി വീവിങ്' എന്ന സ്ഥാപനം തുടങ്ങുന്നത്.

കണ്ണൂർ സെൻറ് മൈക്കിൾസ് സ്കൂളിലായിരുന്നു ശബരിദാസിൻെറ സ്കൂൾ വിദ്യാഭ്യാസം. പഠനത്തിൽ ഏറെ മികവ് പുലർത്തിയിരുന്ന ശബരിദാസ് കണ്ണൂർ എസ്.എൻ. കോളേജിൽ നിന്നും കൊമേഴ്സിൽ ബിരുദം പൂർത്തിയാക്കിയ ശേഷം അച്ഛനോടൊപ്പം ബിസിനസിൽ മുഴുവൻ സമയം പ്രവർത്തിക്കുകയായിരുന്നു.

ചെറുപ്പത്തിൽ കണക്കിലുള്ള മികവും കമ്പ്യൂട്ടറിനോടുള്ള താല്പര്യവും തൻെറ ബിസിനസ്സിനെ മുന്നോട്ട് നീക്കുവാൻ വളരെയേറെ സഹായിച്ചതായി അദ്ദേഹം കരുതുന്നു.

1994ൽ കണ്ണൂർ ചാല ചിന്മയ മിഷൻ സ്കൂളിനു സമീപം ആറ്റടപ്പയിൽ ശബരി ഇൻററ്നാഷണൽ എന്ന പേരിൽ ഫാക്ടറി തുടങ്ങിയതോടെയാണ് ശബരിദാസ് കയറ്റുമതിരംഗത്തെ വളർച്ചയ്ക്ക് ശക്തമായ അടിത്തറയിട്ടത്.

തുടക്കത്തിൽ ഇരുപത്തഞ്ചോളം ജീവനക്കാരുമായി വളരെ ചെറിയതോതിൽ തുടങ്ങിയ സ്ഥാപനം ഇന്ന് ഇരുപത് കോടിയിലധികം വിറ്റുവരവുള്ള 75,000 ചതുരശ്ര അടിയുള്ള ഒരു വൻകിട കയറ്റുമതി സ്ഥാപനമാണ്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത മികച്ച മെഷനറികളാണ് ഇവിടെ സജ്ജമാക്കിയിട്ടുള്ളത്. കയറ്റുമതിയിൽ ചുരുങ്ങിയത് അഞ്ചുകൊല്ലത്തെ ദീർഘവീക്ഷണമില്ലാതെ ആർക്കും വിജയിക്കാൻ പറ്റില്ലെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം.

''വ്യവസായം വളരണമെങ്കിൽ അടിസ്ഥാനസൗകര്യ വികസനമാണ് പ്രധാനം. അല്ലാതെ വെറും കച്ചവടമല്ല. ബിസിനസിൽനിന്നു കിട്ടുന്ന ലാഭം ബിസിനസ് വളർത്താൻ തന്നെ വിനിയോഗിക്കണം. അല്ലാതെ കൈമാറി ചെലവാക്കിയാൽ ബിസിനസ് വളർച്ചയെ സാരമായി ബാധിക്കാൻ അത് ഇടയാക്കും. ഏറ്റവും മികച്ച സംവിധാനമുള്ള ഫാക്ടറികളും റോഡുകളുമാണ് നമുക്കാവശ്യം. കടം വാങ്ങിയെങ്കിലും അടിസ്ഥാനസൗകര്യം വികസിപ്പിക്കണം. വില്പനമാത്രം ലക്ഷ്യമാക്കരുത്. നമ്മുടെ ഉത്പന്നങ്ങൾ വാങ്ങുന്ന ആൾക്കാരുടെ വിശ്വാസമാർജിക്കലാണ് പ്രധാനം. അവർ വിട്ടുപോകാതെ നോക്കണം. അതിന് ഏറ്റവും മികച്ച ഉല്പന്നങ്ങൾ നമുക്ക് എത്തിക്കാനാകണം. പ്രൊഫഷണലായ മാനേജ്മെൻറും വേണം. ഇവിടത്തെ ഗുണനിലവാരം മറ്റു സ്ഥാപനങ്ങളിൽ നിന്നും കിട്ടില്ലെങ്കിൽ വിദേശത്തുനിന്നു വാങ്ങുന്നവരെ നിലനിർത്താൻ പ്രയാസമില്ല'' - അദ്ദേഹം പറഞ്ഞു.

വീടലങ്കരിക്കാനുള്ള തുണിത്തരങ്ങളാണ് ശബരി ഇൻററ്നാഷണലിൽ നിന്നു കയറ്റിയയക്കുന്നത്. കർട്ടൺ, മേശവിരി, ബെഡ്ഷീറ്റുകൾ, ടവൽ, വിവിധതരം കോട്ടൺ മാറ്റുകൾ, കുഷ്യനുകൾ, വിദേശികൾ ഉപയോഗിക്കുന്ന കയ്യുറകൾ തുടങ്ങി നിരവധി ഉല്പന്നങ്ങളാണ് ടൺകണക്കിന് നീങ്ങുന്നത്. അമേരിക്ക, ഓസ്ട്രേലിയ, ജർമനി, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളിലേക്കാണ് പ്രധാനമായും കയറ്റുമതി. 20 വർഷമായി ഈ മേഖല വൻ വളർച്ച നേടിയതായി ശബരിദാസ് പറയുന്നു. ഇവിടെയുണ്ടാക്കുന്ന ഉല്പന്നങ്ങൾ മുഴുവനും കയറ്റി അയയ്ക്കുകയാണ്. പ്രാദേശികവിപണനം തീരെയില്ല.

1998ൽ ഒരു ജപ്പാനീസ് കമ്പനിയുമായുണ്ടാക്കിയ ബന്ധമാണ് ശബരി ഇൻററ്നാഷണലിൻെറ വഴിത്തിരിവായത്. അവിടെ നിന്നു ലഭിച്ച പരിശീലനം ശബരിദാസ് സ്വന്തം ഫാക്ടറിയിൽ അതേപടി നടപ്പാക്കുകയായിരുന്നു. മൊത്തം ഒരു ജപ്പാനീസ് സ്റ്റൈലിലാണ് ഇവിടെ കാര്യങ്ങൾ നടത്തിപ്പോരുന്നത്.

കണ്ണൂരിൽ ഒരു വൻ പ്രോജക്ട് കൂടി ശബരിദാസിൻെറ ഉടമസ്ഥതയിൽ വരുന്നുണ്ട്. 25 ഏക്കർ സ്ഥലത്ത് നട്ടുവളർത്തിയ കാട്ടുമരങ്ങളുടെ നടുവിലായി നാല് കോടി രൂപ ചെലവിലാണ് 'റാപ്പിയർലൂം' തുടങ്ങുന്നത്. കണ്ണൂരിൽ ഇത്തരമൊരു സംരംഭം ആദ്യത്തേതായിരിക്കും. യൂറോപ്പിൽ നിന്നു ഇറക്കുമതി ചെയ്തതാണ് റാപ്പിയർലൂം. ഭാവിയിലേക്ക് ഇതാവശ്യമാണെന്ന് ശബരിദാസ് പറഞ്ഞു. കണ്ണൂരിലുള്ള 'പ്രൈം കോട്ടൺസ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്പിന്നിങ് മില്ലിൻെറ മൂന്നു ഡയറക്ടർമാരിലൊരാളാണ് ശബരിദാസ് ഹാൻഡ്ലൂം എക്സ്പോർട്ട് ഓർഗനൈസേഷൻെറ വൈസ് പ്രസിഡൻറ് കൂടിയാണ്.

സുഷാനയാണ് ഭാര്യ. അവർ മുഴുവൻ സമയവും ഭർത്താവിനോടൊപ്പം ബിസിനസ്സിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. കണ്ണൂർ ചിന്മയ സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥി പ്രയാഗ് ശബരിദാസ്, ജെം കിൻറർ ഗാർഡൻ വിദ്യാർഥി ആര്യദത്ത് ശബരിദാസ് എന്നിവർ മക്കളാണ്.

മികവിൻെറ അംഗീകാരമെന്നോണം ശബരി ഇൻററ്നാഷണലിനു ലഭിച്ച പുരസ്കാരങ്ങൾ ഏറെയാണ്. രാജ്യത്തെ മികച്ച അഞ്ച് കയറ്റുമതി വ്യവസായങ്ങളുടെ കൂട്ടത്തിൽ ഇന്ത്യാ ഗവൺമെൻറ് ശബരി ഇൻററ്നാഷണലിനെയും ഉൾപ്പെടുത്തി. 1996ൽ മികച്ച യുവ കയറ്റുമതിക്കാരനുള്ള നോർത്ത് മലബാർ ചേമ്പർ ഓഫ് കോമേഴ്സ് അവാർഡും ലഭിച്ചു. 2002-ലാണ് മികവിനുള്ള ഐ.എസ്.ഒ 9001-2000 സർട്ടിഫിക്കറ്റ് കിട്ടുന്നത്. മികച്ച കയറ്റുമതിക്കാരനുള്ള ഇന്ത്യാ ഗവൺമെൻറിൻെറ സ്വർണമെഡൽ 2003-04, 2004-05 വർഷങ്ങളിൽ ലഭിക്കാനിടയായതും ശ്രദ്ധേയമായ പ്രകടനം കൊണ്ടുമാത്രം.

ഇന്ത്യാ ഗവൺമെൻറിൻെറ മികച്ച കയറ്റുമതിക്കാർക്കുള്ള സ്റ്റാർ എക്സ്പോർട്ട് ഹൗസ് സർട്ടിഫിക്കറ്റും ശബരി ഇൻററ്നാഷണൽ കരസ്ഥമാക്കിയിട്ടുണ്ട്. കൂട്ടായ പ്രവർത്തനവും കാര്യക്ഷമതയും ജീവനക്കാരുടെ പരിശ്രമവുമാണ് സ്ഥാപനത്തിൻെറ വിജയരഹസ്യം. ഈ സംരംഭത്തിൽ കണ്ണൂർ ഫോർട്ട് റോഡിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖയും വളരെയധികം സഹായിച്ചിട്ടുണ്ടെന്ന് നാല്പതുകാരനായ ശബരിദാസ് പറഞ്ഞു.

# വിദേശനാണ്യശേഖരം 18,000 കോടി ഡോളർ

◆ മണിമാർക്കറ്റ് ◆

**വി.എസ്.ശ്യാംലാൽ**

ചരിത്രത്തിൽ ആദ്യമായി രാജ്യത്തിൻെറ വിദേശനാണ്യ ശേഖരം 18,000 കോടി ഡോളർ കടന്നു. ഫിബ്രവരി രണ്ടിന് അവസാനിച്ച ആഴ്ചയിൽ 99.5 കോടി ഡോളർ വർധിച്ച് വിദേശനാണ്യശേഖരം 18,004 കോടി ഡോളറായതായി റിസർവ് ബാങ്ക് വ്യക്തമാക്കി.




ഓഹരി വിപണിയിലെ ബുൾ തരംഗത്തിൻെറ പ്രതിഫലനം മ്യൂച്വൽ ഫണ്ട് വിപണിയിലും. നാലുവർഷത്തിനകം വിദേശ ഇന്ത്യക്കാരുടെ മ്യൂച്വൽ ഫണ്ട് നിക്ഷേപം 30 ഇരട്ടി വർദ്ധിച്ചു. 2003 ജനവരിയിൽ മ്യൂച്വൽ ഫണ്ട് ആസ്തിയിൽ ഇവരുടെ നിക്ഷേപം 452 കോടിയായിരുന്നുവെങ്കിൽ 2007 ജനവരിയിലത് 13,638 കോടിയിലേക്ക് ഉയർന്നു. ശതമാനക്കണക്കിൽ വിദേശ ഇന്ത്യക്കാരുടെ വിഹിതം അര ശതമാനത്തിൽ നിന്ന് നാലു ശതമാനത്തിലെത്തി. 3,40,965 കോടിയാണ് ഇന്ത്യൻ മ്യൂച്വൽ ഫണ്ട് വ്യവസായം ഇപ്പോൾ കൈകാര്യം ചെയ്യുന്ന ആസ്തി.

ഡോളറിനെതിരെയുള്ള രൂപയുടെ വിനിമയ മൂല്യത്തിൽ കാര്യമായ മാറ്റമുണ്ടാവാത്ത വാരമാണ് കടന്നുപോയത്. റിസർവ്ബാങ്ക് വിപണിയിൽ നടത്തിയ ഇടപെടൽ പലപ്പോഴും രൂപയുടെ നേട്ടത്തെ നിയന്ത്രിച്ചു. ഈ ഇടപെടൽ ഉണ്ടാകാതിരുന്നാൽ സമീപഭാവിയിൽ തന്നെ രൂപയുടെ മൂല്യം 44ൻെറ പരിധി വിട്ടുയരുമെന്ന് ഇടപാടുകാർ പറയുന്നു. മാസാന്ത്യത്തോടെ രൂപയുടെ മൂല്യം 43.80 വരെ ഉയർന്നാലും അത്ഭുതമില്ലെന്നാണ് അവരുടെ പക്ഷം. മുൻവാരത്തെ അപേക്ഷിച്ച് ഡോളറിനെതിരെ ഒരു പൈസയുടെ നഷ്ടത്തിലാണ് വാരാന്ത്യത്തിൽ രൂപയുടെ നില്പ്. മുൻവാരാന്ത്യം ക്ലോസ് ചെയ്ത 44.11 എന്ന നിലയിൽ നിന്ന് 44.12ൽ വാരാന്ത്യം ക്ലോസ് ചെയ്തു.




# ആശങ്ക പണപ്പെരുപ്പം

◆ ഓഹരിസൂചിക ◆

**എ.എം. പ്രീതി**

വിലക്കയറ്റം, പണപ്പെരുപ്പം എന്നിവയാണ് ഇപ്പോൾ ഓഹരിവിപണിയിൽ ആശങ്കയുണർത്തുന്ന ഘടകങ്ങൾ. പണപ്പെരുപ്പനിരക്ക് ജനവരി 27 ന് അവസാനിച്ച ആഴ്ചയിൽ 6.58 ശതമാനമായിട്ടുണ്ട്. രണ്ട് കൊല്ലത്തിനകത്തെ ഏറ്റവും ഉയർന്ന നിരക്ക്. ഇത് ധനമന്ത്രാലയത്തിന് തലവേദനയുണ്ടാക്കുന്നുണ്ട്. പണപ്പെരുപ്പം നിയന്ത്രിക്കാൻ പലിശനിരക്ക് വർധപ്പിക്കുമോ എന്നതാണ് വിപണിയിലെ ആശങ്ക. പലിശനിരക്ക് വർധന വ്യവസായമേഖലയിലും ഓഹരിവിപണിയിലും മാന്ദ്യത്തിന് കാരണമായേക്കുമെന്നാണ് പേടി. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റമാണ് പണപ്പെരുപ്പത്തിന് പ്രധാനകാരണം. ഈ വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളാണ് ധനകാര്യമന്ത്രാലയം ആലോചിക്കുന്നതെന്നാണ് സൂചന. ധാന്യങ്ങളുടെ ഇറക്കുമതി ച്ചെലവ് കുറയ്ക്കാനുള്ള നീക്കവും ഉണ്ടായേക്കും. ഏതായാലും വരുന്ന ബജറ്റിലോ, ഒരുപക്ഷേ അതിനുമുമ്പോ തന്നെ ഇത്തരം നടപടികൾ ഉണ്ടാകും.

ഈ പ്രശ്നം മാറ്റിനിർത്തിയാൽ രാജ്യത്തെ ഓഹരി വിപണി പൊതുവെ നല്ല ഉഷാറിലാണെന്നതാണ് വസ്തുത. വിദേശഫണ്ടുകൾ തുടർച്ചയായി കാണിക്കുന്ന താല്പര്യം മൂലം ഇന്ത്യൻ ഓഹരികൾക്ക് പൊതുവെ വില അല്പം ഉയർന്നുനിൽക്കുകയാണെന്നത് ശരിതന്നെ. എന്നാലും ഈ മൂല്യഗണന കുറെയൊക്കെ അതതു സ്ഥാപനങ്ങളുടെ സാമ്പത്തികാടിസ്ഥാനത്തിൻെറയും പ്രവർത്തനക്ഷമതയുടെയും ലാഭസാധ്യതയുടെയും കരുത്തുറ്റ പിൻബലം കൊണ്ടുതന്നെയാണ്. ഈ അനുകൂലഘടകങ്ങൾ പരമാവധി മുതലെടുക്കാനുള്ള സാധ്യത ഉറപ്പാക്കാനാണ് ധനമന്ത്രാലയം ശ്രമിക്കുന്നത്. വിപണിയിൽ പിൻവാങ്ങലിൻെറ സൂചന കാണുമ്പോൾ അനുകൂലപ്രസ്താവനകളുമായി ധനകാര്യമന്ത്രി താങ്ങുനൽകുന്നുണ്ട്. സാമ്പത്തിക പരിഷ്കരണ നടപടികൾ തുടർന്നുപോകുന്നുണ്ടെന്നതിൻെറ ഓർമപ്പെടുത്തലായി ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിവില്പന പ്രഖ്യാപനവും ധനമന്ത്രാലയം പുറത്തുവിടുന്നുണ്ട്. രാജ്യത്തെ സാമ്പത്തികവളർച്ചാനിരക്ക് നടപ്പുസാമ്പത്തികവർഷം 9.2 ശതമാനമാകുമെന്നാണ് സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻെറ റിപ്പോർട്ട് പറയുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം ഇത് ഒമ്പത് ശതമാനമായിരുന്നു. രണ്ടുവർഷം തുടർച്ചയായി സാമ്പത്തികവളർച്ചാനിരക്ക് ഒമ്പതുശതമാനത്തിന് മുകളിൽ എത്തുന്നത് ശ്രദ്ധേയമായ നേട്ടമാണ്. ഇത് 10 ശതമാനത്തിന് മുകളിലെത്തിക്കുകയെന്നതാണ് ധനമന്ത്രാലയത്തിൻെറ ലക്ഷ്യം. വിദേശത്തുനിന്ന് നേരിട്ടുള്ള മൂലധനനിക്ഷേപവും മുമ്പില്ലാത്തവിധം ഉയർന്നു നിൽക്കുകയാണ്. നടപ്പുസാമ്പത്തികവർഷം നവംബർ വരെയുള്ള കാലയളവിൽ 720 കോടി ഡോളറിൻെറ നേരിട്ടുള്ള മൂലധന നിക്ഷേപമാണ് വിദേശത്തുനിന്ന് എത്തിയിട്ടുള്ളത്. വിദേശമ്യൂച്വൽഫണ്ടുകളും മറ്റും ഇപ്പോഴും ഇന്ത്യൻ വിപണിയിൽ സക്രിയതാല്പര്യം കാണിക്കുന്നുണ്ടെന്നതാണ് മറ്റൊരു അനുകൂലഘടകം.

കഴിഞ്ഞ ആഴ്ച സൂചിപ്പിച്ചതുപോലെ പ്രാഥമിക ഓഹരിവിപണിയിൽ കരുത്തുറ്റ ഓഹരി ഇഷ്യൂകൾ എത്തുന്നത് ദ്വിതീയ വിപണിയെ അല്പമൊന്ന് മന്ദീഭവിപ്പിച്ചിട്ടുണ്ട്. ഐഡിയ, മൈൻഡ് ട്രീ കൺസൾട്ടിങ്, മുദ്ര ലൈഫ്സ്റ്റൈൽ തുടങ്ങിയവ പ്രാഥമിക വിപണിയിലെത്തുന്ന പ്രധാന ഓഹരി ഇഷ്യൂകളാണ്. പ്രവർത്തനം വിപുലീകരിക്കുന്നതിൻെറ ഭാഗമായി സുസ്‌ലോൺ എനർജി ജർമനിയിലെ ആർ ഇ പവർ എന്ന സ്ഥാപനം ഏറ്റെടുക്കാനുള്ള ശ്രമത്തിലാണ്. ഈ ഓഹരിയിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് ഇത് കാരണമായേക്കും.

ഇപ്പോഴത്തെ മുന്നേറ്റം പ്രധാനമായും മുൻനിര ഓഹരികളെ മാത്രം കൂട്ടുപിടിച്ചാണെന്നത് അവഗണിക്കാനാവില്ല. മെയ് മാസം മുതലുള്ള മുന്നേറ്റത്തിൽ സെൻസെക്സ് 2000 പോയിൻറ് വരെ ഉയർന്നിട്ടുണ്ട്. ഓഹരിവില സൂചിക ഓരോ ആഴ്ചയും അല്പമെങ്കിലും ഉയർന്ന് പുതിയ ഉയരങ്ങൾ കുറിക്കുന്നുമുണ്ട്. എന്നാൽ ഇപ്പോഴത്തെ 2000 പോയിൻറ് കുതിപ്പിനുശേഷവും ഇടപാടുകൾ നടക്കുന്ന പകുതിയിലേറെ ഓഹരികളുടെയും വില ഇപ്പോഴും മെയ് മാസത്തിലെ വിലയേക്കാൾ കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. അറുപതോളം മേഖലകളിൽ ഓഹരികൾക്ക് വില കൂടിയപ്പോൾ അത്രയും തന്നെ മേഖലകളിൽ പൊതുവെ വില കുറയുകയും ചെയ്തു.

പഞ്ചസാര, ഖനനം തുടങ്ങിയവ വൻ ഇടിവ് നേരിട്ട ചില മേഖലകളാണ്. ആഗോളതലത്തിൽ പഞ്ചസാരയ്ക്ക് വില കുറയുന്നത് ഈ മേഖലയിലെ ഓഹരികൾക്ക് വരുംനാളുകളിലും വലിയ നേട്ടമുണ്ടാക്കാനാവില്ലെന്നതിൻെറ സൂചന നൽകുന്നു.

സെൻസെക്സ് കഴിഞ്ഞ ഒരാഴ്ചകൊണ്ട് 136 പോയൻറ് ഉയർന്ന് 14,539 ൽ എത്തി. നിഫ്റ്റി 4187 ലാണ് ക്ലോസ് ചെയ്തത്. വൻകയറ്റിറക്കങ്ങളോടെയാണെങ്കിലും ഓരോ ആഴ്ചയും ഓഹരിവിപണി അല്പമെങ്കിലും മുന്നോട്ടുപോകുന്നുണ്ട്. ബജറ്റ് വരെ ഇത്തരത്തിലൊരു നീക്കമേ പ്രതീക്ഷിക്കാനാവൂ. ബജറ്റിൽ അനുകൂല തീരുമാനങ്ങളുണ്ടെന്ന സൂചന വന്നാൽ വിപണി കുതിച്ചുയരാനും സാധ്യതയുണ്ട്.